## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2982** — **07.11.2019-ൽ മറുപടിക്ക്**

## എകരൂൽ-കക്കയം-ഡാംസൈറ്റ് റോഡിന്റെ ശോചനീയാവസ്ഥ

### ചോദ്യം

**ശ്രീ.പുരുഷൻ കടലുണ്ടി**

(എ) കക്കയം ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കും ജലവൈദ്യുത പദ്ധതിയിലേക്കും വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർക്ക് എത്തിച്ചേരാനുള്ള പ്രധാന റോഡായ എകരൂൽ-കക്കയം-ഡാംസൈറ്റ് (ഇ.കെ.ഡി.) റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിനായി ഏതെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കേണ്ട PWD-Ps2-112/2019 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി എന്താണെന്നറിയിക്കാമോ;

(ഡി) പ്രസ്തുത റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### മറുപടി

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും: എകരൂൽ - കക്കയം - ഡാംസൈറ്റ് റോഡ് നവീകരിക്കുന്നതിന് 107 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡ് പാച്ച് വർക്ക് ചെയ്ത് സഞ്ചാരയോഗ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എകരൂൽ - കക്കയം - ഡാംസൈറ്റ് റോഡ് നവീകരണത്തിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ മുമ്പ് റിപ്പോർട്ട് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ PWD-PS2/112/2019 നം. ഫയലിൽ ഉത്തരവായിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ